**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 251** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ഫീൽഡ് സ്റ്റാഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പ്രതികൂലമായ കാലാവസ്ഥയിലും അപകടകരമായ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.യിലെ ഫീൽഡ് സ്റ്റാഫുകൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു വേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർ/കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം 7,45,275/- രൂപ മുതൽ 17,14,050/- രൂപ വരെ ലഭിക്കുന്നതിനും, ശവസംസ്കാര ചെലവിനായി 10,000/രൂപ പരേതരുടെ ആശ്രിതർക്ക് ലഭിക്കുന്നതിനും അർഹതയുണ്ട്. Group Personal Accident Insurance പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS പദ്ധതികളിൽ കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി / ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ അംഗത്വം പുതുക്കാനാകാതെ വരികയും ഇതിനു പകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 'എംപ്ലോയീസ് വെൽഫയർ ഫണ്ട്' മുഖാന്തിരം അപകട ആശ്വാസ ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഈ പദ്ധതി അനുസരിച്ച് അപകടമരണങ്ങൾക്ക് 10,00,000/- രൂപയും, മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസ ധനസഹായം (പരമാവധി 10 ലക്ഷം രൂപ)-യും കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് |

| | | | |
|---|---|---|---|
| | | | അർഹതയുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നിലവിൽ 10 ലക്ഷം രൂപ (07/2021 മുതൽ 12 ലക്ഷം രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്) മരണാനന്തര ആനുകൂല്യവും, സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യങ്ങൾക്ക് പരമാവധി 3,50,000/- രൂപയും (07/2021 മുതൽ 4,50,000/- രൂപയും) വ്യവസ്ഥകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്. |
| (ബി) | ഇവർക്ക് ആധുനിക രീതിയിലുള്ള സുരക്ഷാ ഉപകരണങ്ങളും മറ്റും നൽകി അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നൽകിയിട്ടുള്ളത്. നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വി പൊട്ടൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ